# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 237 　　　　19/12/2012-ൽ മറുപടിക്ക്

### മാതൃകാ പട്ടികവർഗ്ഗ കോളനികൾ

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
ശ്രീ. എ.കെ.ബാലൻ
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. ബി.സത്യൻ

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മാതൃകാ പട്ടികവർഗ്ഗ കോളനികൾ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് എത്ര കോളനികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (ബി) | 5, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കൂടുതലുള്ള കോളനികൾക്ക് മുൻതൂക്കം കൊടുക്കുന്നു. അതനുസരിച്ച്,<br>1.കുരിയോട്ടുമല -കൊല്ലം ജില്ല<br>2.ചാലക്കയം - പത്തനംതിട്ട ജില്ല<br>3. വാകേരി<br>4.കുഞ്ഞോം<br>5.കാരപ്പുഴ } വയനാട് ജില്ല<br>എന്നീ 5 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | കോളനികളിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ വിശദമാക്കുമോ; എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഓരോ മാതൃകാ കോളനിയിലും ചുരുങ്ങിയത് 5 ഏക്കർ സ്ഥലവും, പരമാവധി 25 കുടുംബങ്ങളുടെ പുനരധിവാസത്തിനായി വാസയോഗ്യമായ വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേയ്ക്ക് ടാറിട്ടറോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷിഫാം, കമ്മ്യൂണിറ്റിഹാൾ, ബയോഗ്യാസ്-പ്ലാന്റ് തുടങ്ങി എല്ലാ അടിസ്ഥാനസൗകര്യങ്ങളോടും കൂടിയ സ്വയം |

| | | | |
|---|---|---|---|
| | | | പര്യാപ്തമായ കോളനിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ മാതൃകാകോളനിയിലും വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ 25 വീടുകൾ വീതം കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിന് 6,65,00,000/-രൂപ (ആറ് കോടി അറുപത്തിയഞ്ചു ലക്ഷം രൂപ) കേരള പോലീസ് ഹൗസിംഗ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ